26605
14/12/17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഹരിതകേരളം മിഷന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി 'ഹരിതസംഗമം **2017**' സംഘടിപ്പിക്കുന്നതിന് തനതു ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുവാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3972/2017/തസ്വഭവ തിരുവനന്തപുരം, തീയതി 11.12.2017

---

പരാമർശം :- 1) ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 20.11.2017 ലെ A2/1381/2017 നമ്പർ കത്ത്

2) 29.11.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.3

**ഉത്തരവ്**

ഹരിതകേരളം മിഷന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി 2017 ഡിസംബർ 8 ന് സംഘടിപ്പിക്കുന്ന 'ഹരിതസംഗമം 2017' മായി ബന്ധപ്പെട്ട് വിവിധപരിപാടികൾ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നിർദേശം നൽകുന്നതോടൊപ്പം ഇത് സംബന്ധിച്ച ചെലവ് വഹിക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് 25000/- രൂപ വീതവും മുനിസിപ്പാലിറ്റികൾക്കു 50000/- രൂപ വീതവും കോർപറേഷനുകൾക്ക് 100000/- രൂപ വീതവും അവയുടെ തനതു ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 1 പ്രകാരം ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2)-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിതകേരളം മിഷന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി 'ഹരിതസംഗമം 2017' സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പരിധിക്കു വിധേയമായി തനതു ഫണ്ടിൽ നിന്ന് തുക വിനിയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | - | 25000/- രൂപ |
| മുനിസിപ്പാലിറ്റി | - | 50000/- രൂപ |
| കോർപറേഷൻ | - | 100000/- രൂപ |

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും( പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ